Kotak Mahindra Bank Limited

Registered Office: 27 BKC, C27, G Block, Bandra Complex, Bandra (E) Mumbai-400051, Corporate Identity
NO. L65110MH1985PLC038137, Branch Office, at Kotak Mahindra Bank Ltd., Koatak House, 22 M.G. Road, Bangalore- 560001

APPENDIX-IV-A
[REFER PROVISO
TO RULE 8(6)]

ലേലം വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 6(2), 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ലേലം- വിൽപ്പന നോട്ടീസ്.

താഴെ കൊടുത്തിട്ടുള്ള സ്ഥാവരവസ്തുക്കൾ/ പണയപ്പെടുത്തിയ വസ്തുക്കൾ/ സെക്യൂർഡ് ക്രെഡിറ്റർക്ക് ചാർജ്ഡ് ആയവ പ്രതീകാത്മകവും ഫിസിക്കലുമായി കൊടാക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് (സെക്യൂർഡ് ക്രെഡിറ്റർ/ കൊടാക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്) ഉടമസ്ഥാവകാശമുള്ളവ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട് പൊതുജനത്തിന് പൊതുവിലും പണയക്കാരനും(ക്ക്) ജാമ്യക്കാരനും(ക്കാർ) പ്രത്യേകമായുമുള്ള നോട്ടീസ്. താഴെക്കൊടുത്തിരിക്കുന്ന വായ്പ്പക്കാർ/ജാമ്യക്കാരിൽനിന്നും 11. 03. 2020 വരെ ഉടമ്പടി പ്രകാരമുള്ള പലിശയും മറ്റു ചെലവുകളും കൂടാതെ ബാങ്കിന് ലഭിക്കാനുള്ള കുടിശ്ശിക തുകയായ ₹ **4,18,94,916.10/-**(നാലു കോടി പതിനെട്ടു ലക്ഷം തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി പതിനാറ് രൂപ പത്തു പൈസ) വസൂലാക്കുന്നതിനു വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ 28. 07. 2020 തീയതിക്ക് **''എവിടെയാണോ '' ''എങ്ങനെയാണോ'' '' അതിൽ എന്തൊക്കെയാണോ''**എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും വിൽപ്പന.(1). പ്രൊപ്രൈറ്റർ ഫ്രാൻസിസ് ടി.ടി പ്രതിനിധിയായ **M/s മൊബൈൽ മാർക്കറ്റിങ്** (ഇലക്ട്രിക്കൽ ഹാർഡ്‌വേർ സ്റ്റോർ) നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (വായ്പ്പക്കാരൻ) (i) **ഫ്രാൻസിസ് ടി.ടി.** നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (സഹ പണയക്കാരൻ), **(ii) ശ്രീമതി. സുജ ഫ്രാൻസിസ്,** w/o ഫ്രാൻസിസ് ടി.ടി, തോപ്പിൽ ഹൗസ്, ചുറ്റുപാടുകര, ഇടപ്പള്ളി പി.ഒ. എറണാകുളം- 682024. ഒപ്പം M/s മൊബൈൽ മാർക്കറ്റിങ് (ഇലക്ട്രിക്കൽ ഹാർഡ്‌വേർ സ്റ്റോർ) നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (സഹ പണയക്കാരൻ). **(iii) ശ്രീമതി സ്മിത ഫ്രാൻസിസ്,** കാട്ടുംപുറത്ത് ഹൗസ് കടവന്ത്ര പി.ഒ, കൊച്ചി 682020 (സഹ പണയക്കാരൻ) **(iv) ശ്രീമതി. സുമ ഫ്രാൻസിസ്,** കാട്ടുംപുറത്ത് ഹൗസ് കടവന്ത്ര പി.ഒ, കൊച്ചി 682020 (സഹ പണയക്കാരൻ) (v)പാർട്നറായ ഫ്രാൻസിസ് ടി.ടി. നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (സഹ പണയക്കാരൻ) പ്രതിനിധിയായുള്ള **M/s ലിഫ്ദോ ഏജൻസീസ്.** (2) പാർട്നറായ ഫ്രാൻസിസ് ടി.ടി. നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 പ്രതിനിധിയായുള്ള **M/s ലിഫ്ദോ ഏജൻസീസ്** (പണയക്കാരൻ). (i) **ഫ്രാൻസിസ് ടി.ടി.** നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (സഹ പണയക്കാരൻ). (ii) **ശ്രീമതി. സുജ ഫ്രാൻസിസ്,** w/o ഫ്രാൻസിസ് ടി.ടി, തോപ്പിൽ ഹൗസ്, ചുറ്റുപാടുകര, ഇടപ്പള്ളി പി.ഒ. എറണാകുളം- 682024. ഒപ്പം M/s മൊബൈൽ മാർക്കറ്റിങ് (ഇലക്ട്രിക്കൽ ഹാർഡ്‌വേർ സ്റ്റോർ) നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (സഹ പണയക്കാരൻ). (iii) **ശ്രീമതി സ്മിത ഫ്രാൻസിസ്,** കാട്ടുംപുറത്ത് ഹൗസ് കടവന്ത്ര പി.ഒ, കൊച്ചി 682020 (സഹ പണയക്കാരൻ) **(iv) ശ്രീമതി. സുമ ഫ്രാൻസിസ്,** കാട്ടുംപുറത്ത് ഹൗസ് കടവന്ത്ര പി.ഒ, കൊച്ചി 682020 (സഹ പണയക്കാരൻ) (v)പ്രൊപ്രൈറ്റർ ഫ്രാൻസിസ് ടി.ടി പ്രതിനിധിയായ **M/s മൊബൈൽ മാർക്കറ്റിങ്** (ഇലക്ട്രിക്കൽ ഹാർഡ്‌വേർ സ്റ്റോർ) നം. 1065 ജി, ചങ്ങമ്പുഴ റോഡ്, യുഇഎസ്ഐ ലെയ്ൻ, ഇടപ്പള്ളി, കൊച്ചി- 682024 (സഹപണയക്കാരൻ). ലഭ്യമായ രേഖകൾ പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ/ വസ്തുവിന്റെ ലഘു വിവരങ്ങളും വിൽപ്പന നിബന്ധനകളും.

ലോൺ അക്കൗണ്ട് നം.	ലോൺ അക്കൗണ്ട് നം. എൽഎപി 17596343 എൽഎപി 16116442631.
വായ്പ്പക്കാരന്റെ/സഹ വായ്പ്പക്കാരന്റെ (രുടെ) ജാമ്യക്കാരന്റെ (രുടെ) പേര്	**1. മൊബൈൽ മാർക്കറ്റിങ് 2. ലിഫ്ദോ ഏജൻസീസ്**
ഡിമാൻഡ് നോട്ടീസ് തുകയും തിയ്യതിയും	ഡിമാൻഡ് നോട്ടീസ് തിയ്യതി 11-04-2018 ₹ 2,24,79,119,12/- 29.03.2018 ന് 2. ഡിമാൻഡ് നോട്ടീസ് 11- 04-2018ന് ₹.76,00,911.50/- 28.03.2018ന്.
കരുതൽ തുക (ആർപി)	**₹.1,98,12,000/- (ഒരു കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി പന്ത്രണ്ടായിരം)**
ഇഎംഡിയും (ആർപിയുടെ 10%) അവസാന തിയ്യതിയും	**₹.19,81,200/-**(പത്തൊൻപതു ലക്ഷത്തി എൺപത്തിയൊന്നായിരത്തി ഇരുന്നൂറ്) 00- 04- 2020 നോ മുൻപോ
ഇൻസ്പെക്ഷൻ തിയ്യതിയും സമയവും	00.04.2020ന് രാവിലെ 11.30 മുതൽ 3.30 വരെ
ലേല തിയ്യതിയും സമയവും	00.04.2020ന് 01.00pm
ആകെ ഔട്ട്സ്റ്റാൻഡിങ്	**₹. 4,18,94,916.10/-** (നാലുകോടി പതിനെട്ടു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി തൊള്ളായിരത്തി പതിനാറ് രൂപ 10 പൈസ) 11-03- 2020 ന്
ലഭ്യമായ എൻകംബ്രൻസ് രേഖകൾ ഉണ്ടെങ്കിൽ	NIL
സ്ഥാവര വസ്തുക്കളുടെ/ വസ്തു വിവരം	ഗോഡൗൺ:- ഐറ്റം- 1. ജില്ല- എറണാകുളം, ഉപജില്ല- ഇടപ്പള്ളി, താലൂക്ക്- കണയന്നൂർ, വില്ലേജ്- ഇടപ്പള്ളി നോർത്ത്, കര- ചുറ്റുപാടുകര, സർവേ നം.- 101/4A, Extent- 1.89 ആർസ്, കോർപ്പറേഷൻ- കൊച്ചി, ഫർക- എറണാകുളം, പട്ടയനം.- 4301/1/05.
	ഐറ്റം- 3: ജില്ല- എറണാകുളം , ഉപജില്ല- ഇടപ്പള്ളി, താലൂക്ക്- കണയന്നൂർ, വില്ലേജ്- ഇടപ്പള്ളി നോർത്ത്, കര- ചുറ്റുപാടുകര, സർവേ നം.- 101/4A, Extent- 2.61 ആർസ്, കോർപ്പറേഷൻ- കൊച്ചി, ഫർക്ക എറണാകുളം , പട്ടയ നം.- 902/2004 എസ്ആർഒ- ഇടപ്പള്ളി എസ്ആർഒ.
കരുതൽ തുക (ആർപി)	**₹ 85,78,000/-** (എൺപത്തഞ്ചു ലക്ഷത്തി എഴുപത്തെട്ടായിരം)
ഇഎംഡിയും (ആർപിയുടെ10%) അവസാനതിയ്യതിയും	**₹. 8,57,800/-** (എട്ടുലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്) 00-04- 2020 നോ മുൻപോ
സ്ഥാവരവസ്തുക്കൾ/ വസ്തു വിവരങ്ങൾ	റെസിഡൻസ്: ഐറ്റം- 2: ജില്ല- എറണാകുളം, ഉപജില്ല- ഇടപ്പള്ളി, താലൂക്ക്- കണയന്നൂർ, വില്ലേജ്- ഇടപ്പള്ളി നോർത്ത്, കര- ചുറ്റുപാടുകര, സർവേ നം.- 101/4A, Extent- 1.27 ആർസ്, കോർപ്പറേഷൻ- കൊച്ചി, ഫർക- എറണാകുളം, പട്ടയനം.- 4301/1/05.
കരുതൽ തുക	**₹. 2,14,50,000/-** (രണ്ടു കോടി പതിനാലുലക്ഷത്തി അമ്പതിനായിരം).
(ആർപി)ഇഎംഡിയും (ആർപിയുടെ 10%) അവസാന തിയ്യതിയും	**₹. 21, 45,000**(ഇരുപത്തിയൊന്നു ലക്ഷത്തി നാൽപ്പത്തിഅയ്യായിരം രൂപ) 00- 04- 2020 നോ മുൻപോ.
സ്ഥാവരവസ്തുക്കളുടെ/ വസ്തു വിവരങ്ങൾ	ഓപ്പൺ ലാൻഡ്സ്:ഐറ്റം- 1. ജില്ല- എറണാകുളം, ഉപജില്ല- എറണാകുളം, താലൂക്ക്- കണയന്നൂർ, വില്ലേജ്- എറണാകുളം , ദേശം- കടവന്ത്ര, സർവേ നം.- 838, സബ് ഡിവിഷൻ നം.- 4, Extent- 2.493 ആർസ്, കോർപ്പറേഷൻ- കൊച്ചി, ഫർക- എറണാകുളം, പട്ടയനം.- 1971/1/2005 എസ്ആർഒ- എറണാകുളം എസ്ആർഒ.
	ഐറ്റം- 2: ജില്ല- എറണാകുളം, ഉപജില്ല- എറണാകുളം, താലൂക്ക്- കണയന്നൂർ, വില്ലേജ്- എറണാകുളം , ദേശം- കടവന്ത്ര, സർവേ നം.- 841, സബ് ഡിവിഷൻ നം.- 4, Extent- 1.64 ആർസ്, കോർപ്പറേഷൻ- കൊച്ചി, ഫർക- എറണാകുളം, പട്ടയനം.- 2150/1976 എസ്ആർഒ- എറണാകുളം എസ്ആർഒ.
	ഐറ്റം - 3: ജില്ല- എറണാകുളം, ഉപജില്ല- എറണാകുളം, താലൂക്ക്- കണയന്നൂർ, വില്ലേജ്- എറണാകുളം , ദേശം- കടവന്ത്ര, സർവേ നം.- 839, സബ് ഡിവിഷൻ നം.- 1, Extent- 1.66 ആർസ്, കോർപ്പറേഷൻ- കൊച്ചി, ഫർക- എറണാകുളം, പട്ടയനം.- 3845/ 1979, എസ്ആർഒ- എറണാകുളം എസ്ആർഒ.

പൊതു ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും:

1. ഇവിടെ നൽകിയിട്ടുള്ള നിബന്ധനകൾകളും വ്യവസ്ഥകളും കർശനമായി പാലിച്ചുകൊണ്ടായിരിക്കും വിൽപ്പന. കൂടാതെ, ലേലക്കാർ സമർപ്പിക്കുന്ന ഓഫർ/ ടെൻഡർ രേഖകളിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും. 2. ലഭ്യമായ എൻകംബ്രൻസസ് രേഖകൾ ഉണ്ടെങ്കിൽ അവ ഉൾപ്പെടെ സ്ഥാവരവസ്തുക്കൾ/ വസ്തു ''എവിടെയാണോ '' ''എങ്ങനെയാണോ'' ''അവിടെ എന്തൊക്കെയാണോ'' എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും വിൽപ്പന. ലേലത്തിന് ആധാരമായ സ്ഥാവരവസ്തുക്കൾ/ വസ്തു ഇവിടെ നൽകിയ തിയ്യതിയായ 13. 07 2020ന് രാവിലെ 10.30നും വൈകിട്ട് മൂന്നിനും ഇടയിൽ പരിശോധിക്കാവുന്നതാണ്. ലേലത്തിനുള്ള അപേക്ഷ ഫോം, നിരതദ്രവ്യ തുക (ഇഎംഡി) സമർപ്പിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടു കൂടുതൽ ചോദ്യങ്ങളോ വ്യക്തതയോ ആവശ്യമാണെങ്കിൽ കൊടാക് മഹീന്ദ്ര അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനുമായി (ബന്ധപ്പെടാനുള്ള വിവരങ്ങൾ ക്ലോസ് (4) ൽ സൂചിപ്പിച്ചിട്ടുണ്ട്) ബന്ധപ്പെടേണ്ടതാണ്. ലേലം നടത്തുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സമോ പിശകോ സംഭവിക്കുകയാണെങ്കിൽ ബ്രാഞ്ച് തലത്തിൽ ലേലം സംഘടിപ്പിക്കും. അതേസമയം, നിബന്ധനകളിലോ വ്യവസ്ഥകളിലോ എന്തെങ്കിലും മാറ്റം വരുത്തുന്നതിനുള്ള സമ്പൂർണ വിവേചനാധികാരം ഉദ്യോഗസ്ഥനുണ്ടായിരിക്കും. 3. മാർക്കറ്റിങ്ങിനും പ്രതീക്ഷിക്കുന്ന ലേലക്കാരെ/ വാങ്ങുന്നവരെ കണ്ടെത്തുന്നതിനുമായി പ്രാദേശിക മാർക്കറ്റിങ് ഏജൻസി/ സേവനദാതാക്കളെ ഞങ്ങൾ ചുമതലപ്പെടുത്തിയിട്ടുണ്ട്. SARFAESI ആക്റ്റിലെ പ്രൊവിഷനുകൾ പ്രകാരം ലേല നടപടികൾ പൂർത്തിയാക്കുന്നതുവരെ ഇവരുടെ സഹായവും തുടരും.4. ടെൻഡറുകാർ/ ഓഫറുകാർ/ വരാനിരിക്കുന്ന ലേലക്കാർ/ വാങ്ങുന്നവർ കോളം (ഇ)യിൽ സൂചിപ്പിച്ചതു പ്രകാരമുള്ള നിരതദ്രവ്യം (ഏണസ്റ്റ് മണി ഡെപ്പോസിറ്റ്- ഇഎംഡി) ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ **കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ പേരിൽ എറണാകുളത്ത്** മാറാവുന്ന പേ ഓർഡർ ആയോ M/s മൊബൈൽ മാർക്കറ്റിങ് , **M/s ലിഫ്ദോ ഏജൻസീസ്** എന്നിവയുടെ സ്ഥാവര വസ്തുക്കൾ/ വസ്തു വാങ്ങുന്നതിനുള്ള ഓഫർ എന്ന കുറിപ്പോടുകൂടി സീൽ ചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്. ചുമതലുയള്ള ഉദ്യോഗസ്ഥൻ, കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, ഒന്നാംനില, റിക്കവറി ബ്രാഞ്ച്, കനക ദാമോദർ ബിൽഡിങ്, വീക്ഷണം റോഡ്, ഹോട്ടൽ ഇന്റർനാഷണലിന് എതിർവശം, കൊച്ചി- 682035 (കേരളം) എന്ന വിലാസത്തിലാണ് ഓഫർ സമർപ്പിക്കേണ്ടത്. ചുമതലയുള്ള ഉദ്യോഗസ്ഥനെ/ വ്യക്തിയെക്കുറിച്ച് അറിയാൻ **ശ്രീ. സ്റ്റീഫൻ ജോസഫ്, ഫോൺ: 0484- 4470133, മൊബൈൽ നം. : +919946667122, ശ്രീ. വേണുഗോപാൽ ഫോൺ നം. 0484- 4470133, മൊബൈൽ നം. +91 8137988541** എന്നിവരെ ബിഡുകൾ സമർപ്പിക്കേണ്ടതിന്റെ അവസാന തിയ്യതിയായ 27-07- 2020 വൈകിട്ട് 5നോ മുൻപോ ബന്ധപ്പെടാവുന്നതാണ്. ശരിയായ രീതിയിൽ ഇഎംഡി തുക സമർപ്പിക്കുന്ന ബിഡർക്ക് വിൽപ്പനവിലയിൽ അഡ്ജസ്റ്റ് ചെയ്തു നൽകുന്നതാണ്.5. ശരിയായ രീതിയിൽ പൂരിപ്പിക്കാത്ത ഓഫറുകളോ റിസർവ് തുകയ്ക്കു താഴെയുള്ള ബിഡുകളോ ഇഎംഡിയോടു കൂടിയല്ലാത്ത ഓഫറുകളോ നിശ്ചിത തിയ്യതിയും സമയവും പിന്നിട്ട ഓഫറുകളോ സാധുവായി പരിഗണിക്കാതെ തള്ളിക്കളയും. ഇഎംഡികൾക്ക് പലിശ ലഭിക്കുന്നതല്ല. 6. വസ്തുവകകൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനോ മറ്റാർക്കെങ്കിലുമോ ഏതെങ്കിലും തരത്തിലുള്ള തുകയോ, അവകാശമോ, എൻകംബ്രൻസുകളോ മറ്റേതെങ്കിലും തരത്തിലുള്ള കുടിശികകളോ നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ ബാങ്കിനോ ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല. വസ്തുവുമായി ബന്ധപ്പെട്ട നിയമബാധ്യതകൾ, വസ്തു നികുതി കുടിശ്ശിക, വൈദ്യുതി കുടിശിക തുടങ്ങിയവ ഉൾപ്പെടെ കുടിക്കടങ്ങളെക്കുറിച്ച് ബിഡർമാർ സ്വന്തം നിലയ്ക്ക് അന്വേഷിച്ചു ബോധ്യപ്പെടേണ്ടതാണെന്നും അറിയിച്ചുകൊള്ളുന്നു. 7. താത്പര്യമുള്ള ബിഡർ, ഓഫർ രേഖയ്ക്കൊപ്പം ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുള്ള പാൻ കാർഡിന്റെ കോപ്പി (അല്ലെങ്കിൽ ഫോം 60)യും തിരിച്ചറിയൽ രേഖ, താമസസ്ഥലം തെളിയിക്കുന്നതിനുള്ള രേഖ എന്നിവയ്ക്കായി ആധാർ കാർഡ്, പാസ്പോർട്ട്, ഇലക്ഷൻ കമ്മിഷൻ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിങ് ലൈസൻസ് തുടങ്ങിയവയിൽ ഏതെങ്കിലും സമർപ്പിക്കേണ്ടതാണ്. 8. സ്ഥാവരവസ്തുക്കൾ/ വസ്തു സെക്യൂർഡ് ക്രെഡിറ്റർക്ക്/ കൊടാക് മഹീന്ദ്ര ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സ്വികാര്യതയ്ക്കു വിധേയമായി ഉയർന്ന ബിഡർ/ ഓഫറർക്ക് വിൽക്കുന്നതായിരിക്കും. കോളം ''ജി''യിൽ സൂചിപ്പിച്ച പ്രകാരമുള്ള തിയ്യതിയിലും സമയത്തും മുകളിൽ പറഞ്ഞ സ്ഥാവര വസ്തുക്കൾ/ വസ്തു ഓൺലൈൻ / ഇന്റർസെ ബിഡിങ് നടക്കുന്നതായിരിക്കും. 9. മുനിസിപ്പൽ നികുതികൾ, മെയ്ന്റനൻസ്/ സൊസൈറ്റി ചാർജുകൾ, വൈദ്യുതി- വെള്ളം നികുതികൾ, മറ്റുതരത്തിലുള്ള കുടിശ്ശികകൾ തുടങ്ങി മേൽപ്പറഞ്ഞ സ്ഥാവര വസ്തുക്കൾക്കുമേലുള്ള എല്ലാ കുടിശ്ശികകളും വിജയിക്കുന്ന ലേലക്കാർ/ വാങ്ങുന്നയാൾ നൽകേണ്ടതായിരിക്കും. 10. വിജയിക്കുന്ന ബിഡർ/ വാങ്ങുന്നയാൾ വിൽപ്പന വിലയുടെ (ഇഎംഡി ഉൾപ്പെടെ) 25% ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഓഫർ സ്വീകരിച്ചാലുടൻ നൽകേണ്ടതാണ്. അല്ലാത്തപക്ഷം ഇഎംഡി നഷ്ടപ്പെടുന്നതായിരിക്കും. 11. വിൽപ്പനവിലയുടെ ബാക്കി വരുന്ന 75% അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വിൽപ്പന സ്ഥിരീകരിച്ചതായി അറിയിച്ച് 15 ദിവസത്തിനുള്ളിലോ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002ലെ റൂൾ 9 പ്രകാരം പൂർണ വിവേചനാധികാരമുള്ള സെക്യൂരിറ്റി ക്രെഡിറ്റർ എഴുതി നൽകുന്ന ദീർഘിപ്പിച്ച കാലയളവിലോ നൽകേണ്ടതാണ്. വിൽപ്പന വിലയുടെ ബാക്കി വരുന്ന 75 ശതമാനമോ അതിൽ ഏതെങ്കിലും ഒരു ഭാഗമോ നിശ്ചിത തിയ്യതിക്കുള്ളിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം മുൻകൂർ നൽകിയ തുക നഷ്ടപ്പെടും. കൂടാതെ, സ്ഥാവരവസ്തുക്കൾ/ വസ്തു ഒരിക്കൽക്കൂടി വിൽപ്പന നടത്തുന്നതിന് സെക്യൂരിറ്റി ക്രെഡിറ്റർക്ക് അവകാശമുണ്ടായിരിക്കുന്നതും വീഴ്ചവരുത്തുന്ന പർച്ചേസർക്ക് സ്ഥാവരവസ്തുക്കൾ/ വസ്തുവിൻ മേലോ മുൻകൂർ അടച്ച തുകയുടെ ഏതെങ്കിലും ഒരു ഭാഗത്തോ യാതൊരു അവകാശവാദവും സാധ്യമല്ല. 12. മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ/ വസ്തുവിന് അഗ്നിബാധ, മോഷണം, മറ്റ് അപകടങ്ങൾ, മറ്റു റിസ്ക്കുകൾ തുടങ്ങി, താഴെ ഒപ്പുവയ്ക്കുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിൽപ്പന സ്ഥിരീകരണശേഷമുണ്ടാകുന്ന ഏതൊരു നഷ്ടത്തിനും കെടുതിക്കും ലേലത്തിൽ വിജയിച്ച ആൾക്ക് മാത്രമായിരിക്കും ഉത്തരവാദിത്തം. യാതൊരു സാഹചര്യത്തിലും പ്രകൃതത്തിലും ലേലത്തിൽ വിജയിച്ചയാൾക്ക് അതിൽനിന്ന് പിന്നീട് പിൻമാറാൻ സാധിക്കുന്നതല്ല. 13. അന്തിമ ലേലത്തുക/ സ്വത്തുക്കളുടെ സെയിൽ കൺസിഡറേഷൻ 50.00 ലക്ഷം രൂപയോ അതിനു മുകളിലോ ആണെങ്കിൽ വിജയിക്കുന്ന ലേലക്കാരൻ സെയിൽ കൺസിഡറേഷനിൽനിന്നുള്ള ലേലത്തുകയുടെ 1% വായ്പ്പക്കാരന്റെ PAN നമ്പർ വഴി ടിഡിഎസ് അടയ്ക്കണം. ലേല നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ തുക അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വഴി ലഭിക്കും. ബാക്കിവരുന്ന 99% സെയിൽ കൺസിഡറേഷൻ നിശ്ചിത സമയത്തിനുള്ളിൽ ബാങ്കിന് നൽകേണ്ടതാണ്. എന്നിരുന്നാലും, ഇൻകം ടാക്സ് ആക്റ്റ് 1961 സെക്ഷൻ (194- IA) അനുസരിച്ച് ബിഡർ പുനർ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുത്ത ആസ്തി വാങ്ങുന്നതിനായി 1% ടിഡിഎസ് നൽകേണ്ടതാണ്. 14. ലേലത്തിൽ ആസ്തിയുടെ സെയിൽ കൺസിഡറേഷൻ 50.00 ലക്ഷം രൂപയോ അതിനു മുകളിലോ ആണെങ്കിൽ ലേല വിജയി/ വാങ്ങുന്നയാൾ മുകളിൽ പറഞ്ഞതുപ്രകാരം (നെറ്റ് ഓഫ് ടിഡിഎസ്)സെയിൽ കൺസിഡറേഷൻ പൂർണമായും ഒടുക്കുകയും വിൽപ്പന നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തശേഷം സെയിൽ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. SARFAESI ആക്റ്റ് ആൻഡ് റൂൾസ് 2002 പ്രകാരം ടിഡിഎസ് അടച്ചതായുള്ള ഫോം നമ്പർ 26 QBയിൽ ചല്ലാന്റെയും സ്റ്റേറ്റ്മെന്റിന്റെയും രശീതിയിൻ മേലായിരിക്കും സർട്ടിഫിക്കറ്റ് നൽകുക. ഫോം 16 ബിയിലെ ടിഡിഎസ് സർട്ടിഫിക്കറ്റ് പിന്നീട് ബാങ്കിൽ സമർപ്പിക്കാവുന്നതാണ്. 15. സെയിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്തുകിട്ടുന്നതിനുള്ള പൂർണ ഉത്തരവാദിത്തം ലേല വിജയിക്കായിരിക്കും. SARFAESI നിയമം നിർദേശിക്കുന്ന ഫോർമാറ്റിൽ വിൽപ്പന സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്യുന്നതിനായുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജുകൾ, ട്രാൻഫർ ചാർജുകൾ, മറ്റു ചെലവുകൾ തുടങ്ങി ബന്ധപ്പെട്ട എല്ലാവിധ ചെലവുകളും ലേല വിജയി/ പർച്ചേസർക്കായിരിക്കും. വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ടു സംസ്ഥാനത്തെ നിയമ പ്രകാരം ഏറ്റവും നേരത്തേ സെയിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇക്കാര്യത്തിൽ കാലതാമസമുണ്ടായാൽ ലേലവിജയിക്ക് സെക്യൂർഡ് ക്രെഡിറ്റർക്ക് അപേക്ഷ നൽകാവുന്നതാണ്. 16. കൂടിയ ലേലത്തുകയോ ഏതെങ്കിലും പ്രത്യേക ഓഫറോ മുഴുവൻ ഓഫറുകളോ നിർബന്ധമായും സ്വീകരിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായിരിക്കില്ല. പ്രത്യേകിച്ചു കാരണം കൂടാതെ ഏതെങ്കിലും ലേലമോ മുഴുവൻ ലേലമോ തള്ളുന്നതിന് സെക്യൂർഡ് ക്രെഡിറ്റർ ആയ കൊടാക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് പൂർണ അധികാരമുണ്ടായിരിക്കും. ബിഡുകൾ തള്ളുകയാണെങ്കിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനു മറ്റു ടെൻഡറുകളുമായോ താത്പര്യമുള്ള ലേലക്കാരുമായോ മറ്റേതെങ്കിലും പാർട്ടിയുമായോ സ്വകാര്യ ഉടമ്പടിയിലൂടെ സ്ഥാവരവസ്തുക്കളുടെ/ വസ്തുവിന്റെ വിൽപ്പന നടത്താവുന്നതാണ്. ഭേദഗതി ചെയ്ത സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 പ്രകാരം സെക്യൂർഡ് ക്രെഡിറ്ററുടെയോ കൊടാക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ വിൽപ്പന സ്ഥിരീകരണം ഉണ്ടായിരിക്കുന്നതാണ്. 17. താത്പര്യപ്പെടുന്ന ലേലക്കാരോ, അവർ ചുമതലപ്പെടുത്തുന്ന പ്രതിനിധിയോ അല്ലാത്തവരെ ലേലം/ വിൽപ്പന നടപടിയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. അതേസമയം, പർച്ചേസർക്ക് അനുകൂലമായി ലേലത്തിനു സമർപ്പിച്ചയാളുടെ പേരിൽ സെയിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്യാവുന്നതാണ്. 18. വിൽപ്പനയ്ക്കായുള്ള ഈ നോട്ടീസിലെ ഏതു നിബന്ധനകളും വ്യവസ്ഥകളും മുന്നറിയിപ്പില്ലാതെ മാറ്റാനുള്ള പൂർണ വിവേചനാധികാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ, മേൽപ്പറഞ്ഞ പുനർ ഉടമസ്ഥത സ്ഥാപിച്ച പണയപ്പെടുത്തി സ്ഥാവര വസ്തുക്കളുടെ/ വസ്തുവിന്റെ വിൽപ്പനയ്ക്കു ചുമതലപ്പെടുത്തിയ മാർക്കറ്റിങ് ഏജന്റിന്റെയോ സേവന ദാതാവിന്റെയോ സഹായത്തിനുള്ള പ്രതിഫലം പണയക്കാരനിൽനിന്ന് ഈടാക്കുന്നതാണ്. 19. ബാങ്കിനുള്ള കുടിശ്ശിക ഉൾപ്പെടെ സെക്യൂർഡ് ക്രെഡിറ്റർക്ക് സംഭവിച്ച എല്ലാ ചെലവുകളും മുകളിൽ പറഞ്ഞിട്ടുള്ള പണയക്കാരൻ/ സഹ പണയക്കാരൻ (ക്കാർ)/ ജാമ്യക്കാരൻ (ക്കാർ) എന്നിവർ ലേല തിയ്യതിക്കോ മുൻപോ തിരിച്ചടയ്ക്കുകയാണെങ്കിൽ വിൽപ്പന നടപടികൾ നിർത്തിവയ്ക്കുന്നതാണ്. കൂടാതെ, അതുവരെ സമർപ്പിക്കപ്പെട്ട ബിഡുകൾ യാതൊരു ബാധ്യതകളോ അവകാശവാദമോ അവശേഷിപ്പിക്കാതെ തിരിച്ചുനൽകുന്നതുമായിരിക്കും. 20. കുടിശ്ശിക തിരിച്ചടയ്ക്കാത്ത പക്ഷം വിൽപ്പന നടത്തുമെന്നു കാട്ടി വായ്പ്പക്കാർക്ക്/ പണയക്കാർക്ക് 30 ദിവസത്തേക്കുള്ള നോട്ടീസ് കൂടിയാണ് ഈ പ്രസിദ്ധപ്പെടുത്തൽ . 21. ടെൻഡേഡ് രേഖകൾ കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ പ്രാദേശിക ബ്രാഞ്ചുകളിലും സ്വീകരിക്കുന്നതാണ്. വ്യവസ്ഥകളെയും നിബന്ധനകളെയും കുറിച്ച് കൂടുതൽ അറിയാൻ സെക്യൂർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റിൽ നൽകിയ ലിങ്ക് റെഫർ ചെയ്യുക. <https://www.kotak.com/en/bank-auctions.html>. 22. കൊടാക് മഹീന്ദ്രയുടെ കസ്റ്റഡിയിലുള്ള പണയപ്പെടുത്തിയ വസ്തുക്കളിൽ നിന്ന് വായ്പ്പക്കാർ/ പണയക്കാർ അവരുടെ വ്യക്തിപരമായ വസ്തുവകകൾ മാറ്റുന്നതിനുള്ള അറിയിപ്പു കൂടിയാണ് ഇത്. പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ അവരിൽനിന്ന് അറിയിപ്പുണ്ടായില്ലെങ്കിൽ കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് ഏതെങ്കിലും തരത്തിലുള്ള ബാധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുന്നതല്ല. ഈ വസ്തു വകകൾ വായ്പ്പക്കാരുടെ റിസ്ക്കിൽതന്നെ ഒഴിവാക്കുന്നതുമാണ്. പ്രത്യേക നിർദേശം: ലേലത്തിന്റെ അവസാനഘട്ടത്തിൽ ബിഡർമാരുടെ സ്വന്തം താത്പര്യപ്രകാരം ലേലം ഒഴിവാക്കപ്പെടുന്നതുകൊണ്ടുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് ഉത്തരവാദിയായിക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും ബദൽ ബാക്ക് അപ്പുകളും ഒരുക്കാൻ ലേലക്കാരോട് അഭ്യർഥിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇത്തരം സാഹചര്യങ്ങളെ ശരിയായി നേരിടാനും ലേലത്തിൽ വിജയകരമായി പങ്കെടുക്കാനും സാധിക്കുന്നതാണ്. കോളം നമ്പർ 'ജി'യിൽ സൂചിപ്പിച്ചതു പ്രകാരമുള്ള സമയപരിധിയിൽ ലേല വിൽപ്പന നടപടികൾ ഓട്ടോമാറ്റിക്കായി അവസാനിക്കുന്നതാണ്. ലേല വിൽപ്പന 15 മിനിറ്റിലേക്ക് നീട്ടുന്നതിനു വേണ്ടി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന് തന്റെ വിവേചനാധികാരം പ്രയോജനപ്പെടുത്താം.

സ്ഥലം: കൊച്ചി
തീയതി: 28. 06. 2020

കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിനു വേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
(ശ്രീ. അശോക് സ്വാമി)